# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03-06-2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ഇന്ത്യൻ വിമാനക്കമ്പനികളെ പിന്തുണയ്ക്കുന്നതിനായി 10,000 കോടി രൂപയുടെ ഏവിയേഷൻ ടർബൈൻ ഇന്ധന വിലസ്ഥിരത നിധിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

   **Union Cabinet approves ₹10,000 crore Aviation Turbine Fuel price stabilisation fund to support Indian airlines.**

2. കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേരെ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടു.

   **Indian citizen dies in Iranian drone strike on Kuwait International Airport.**

3. കർണാടകയിൽ ഡി കെ ശിവകുമാർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. 12 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു.

   **D K Shivakumar takes oath as Karnataka Chief Minister; 12 ministers also swear in.**

4. തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിലെ മാധ്യമ ഇടപെടലുകളെ കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കമായി.

   **International conference on media intervention in election campaigns begins in New Delhi.**

5. അമേരിക്ക നിർദ്ദേശിച്ച അധിക ഇറക്കുമതി നികുതി വിഷയത്തിൽ ഇന്ത്യ-യു.എസ് ചർച്ചകൾ തുടരുന്നതായി കേന്ദ്ര വാണിജ്യ മന്ത്രാലയം.

**India, US continue talks on additional import tariff proposed by America, says Commerce Ministry.**

6. കേരളത്തിൽ തെക്കു - പടിഞ്ഞാറൻ കാലവർഷം നാളെ എത്തിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Southwest monsoon likely to hit Kerala tomorrow, forecasts IMD; heavy rain expected across state, fishing banned on Kerala-Karnataka-Lakshadweep coasts.**

****************************************

## PM - NEPAL

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാഷ്ട്രീയ സ്വതന്ത്ര പാർട്ടി ഓഫ് നേപ്പാൾ അധ്യക്ഷൻ റാബി ലാമിച്ചാനെയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ അയൽപക്കം ആദ്യം എന്ന നയത്തിന് കീഴിലെ സുപ്രധാന പങ്കാളിയാണ് നേപ്പാളെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമൃദ്ധവും പങ്കാളിത്തത്തിൽ അധിഷ്ഠിതവുമായ ഒരു ഭാവിക്കായി ഒരുമിച്ച് പ്രവർത്തിക്കാനുള്ള ശ്രീ ലാമിച്ചാനെയുടെ താല്പര്യത്തെ പ്രധാനമന്ത്രി സ്വാഗതം ചെയ്തു.

********************************

## CABINET - DECISIONS (INTRO)

ഇന്ത്യൻ വിമാനക്കമ്പനികളുടെ ആഭ്യന്തര, അന്തർദേശീയ സർവീസുകളെ പിന്തുണയ്ക്കുന്നതിനായി 10,000 കോടി രൂപയുടെ ഏവിയേഷൻ ടർബൈൻ ഇന്ധന വില സ്ഥിരത നിധിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. വ്യോമയാന ഇന്ധന വില സ്ഥിരപ്പെടുത്താൻ ഇതിലൂടെ സാധിക്കുമെന്ന്, കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര

മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. വ്യോമയാന മേഖലയിലെ ഏകദേശം 77 ലക്ഷം പേർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ തീരുമാനം സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്....)

പശ്ചിമേഷ്യയിലെ പ്രതിസന്ധി കാരണം അന്താരാഷ്ട്ര വിമാന ഇന്ധന വില 60.5 രൂപയിൽ നിന്ന് 142 രൂപയായി വർധിച്ച പശ്ചാത്തലത്തിലാണ് കേന്ദ്രമന്ത്രിസഭയുടെ തീരുമാനം.

*********************************

## CABINET DECISION 2

ഡൽഹി-എൻസിആർ മേഖലയിലെ പഴയ ട്രക്കുകളും ബസുകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കും കേന്ദ്രമന്ത്രിസഭാ യോഗം ഇന്ന് അംഗീകാരം നൽകി. ഡൽഹി, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നീ സർക്കാരുകളുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. വായു മലിനീകരണം കുറയ്ക്കുന്നതിനും സുസ്ഥിര ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഒഡീഷയിലെ രാമേശ്വർ മുതൽ പാരാദീപ് വരെ 163 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയ തീരദേശ ഹൈവേ നിർമാണത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 8,300 കോടി രൂപയിലധികം ചെലവിലാണ് പാത നിർമിക്കുക.

*********************************

## KUWAIT ATTACK

കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേരെ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇന്ന് പുലർച്ചെയുണ്ടായ ആക്രമണത്തിൽ പ്രധാന ടെർമിനലിന് വൻ നാശനഷ്ടമുണ്ടായതിനെ തുടർന്ന് വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവെച്ചു. സിവിലിയൻ കേന്ദ്രത്തിന് നേരെയുള്ള ആക്രമണം അന്താരാഷ്ട്ര

നിയമങ്ങളുടെ ലംഘനമാണെന്ന് കുവൈറ്റ് വ്യക്തമാക്കി. ഹോർമൂസ് കടലിടുക്കിലെ യു.എസ് ഉപരോധം ലംഘിക്കാൻ ശ്രമിച്ച എണ്ണക്കപ്പലിന് നേരെ അമേരിക്കൻ സൈന്യം നടപടിയെടുത്തതാണ് മേഖലയിൽ സംഘർഷം രൂക്ഷമാക്കിയത്.
********************************

## KARNATAKA CM - SWORN IN

കർണാടകയുടെ 25-ാമത് മുഖ്യമന്ത്രിയായി കോൺഗ്രസ് നേതാവ് ഡി കെ ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ബെംഗളൂരുവിൽ നടന്ന ചടങ്ങിൽ ഗവർണർ തവർചന്ദ് ഗെലോട്ട് സത്യവാചകം ചൊല്ലിക്കൊടുത്തു. സിദ്ധരാമയ്യ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്ന ജി പരമേശ്വര ഉപമുഖ്യമന്ത്രിയായും സത്യപ്രതിജ്ഞ ചെയ്തു. 12 മന്ത്രിമാരുടെ സത്യപ്രതിജ്ഞയും ഇതോടൊപ്പം നടന്നു. കർണാടക മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ഡി കെ ശിവകുമാറിനെ പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ അറിയിച്ചു.
********************************

## COMMERCE STATEMENT- USTR

അമേരിക്ക നിർദ്ദേശിച്ച അധിക ഇറക്കുമതി നികുതി വിഷയത്തിൽ ഇന്ത്യ യു.എസുമായി ചർച്ചകൾ തുടരുന്നതായി കേന്ദ്ര വാണിജ്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യ ഉൾപ്പെടെ 60 രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് യു.എസ് ട്രേഡ് റപ്രസൻറേറ്റീവ് അധിക നികുതി നിർദ്ദേശിച്ച പശ്ചാത്തലത്തിലാണിത്. എന്നാൽ ഫെബ്രുവരിയിൽ പ്രഖ്യാപിച്ച ഉഭയകക്ഷി വ്യാപാര കരാർ അന്തിമമാക്കാനുള്ള ചർച്ചകളും ഇതിനൊപ്പം പുരോഗമിക്കുന്നുണ്ട്. ചില പ്രത്യേക ഉൽപ്പന്നങ്ങളെയും വസ്ത്രങ്ങളെയും ഈ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.
********************************

## MAHA INDIA US TRADE TALKS

ഇന്ത്യയും അമേരിക്കയും തമ്മിൽ നിർദ്ദേശിച്ചിട്ടുള്ള ഇടക്കാല വ്യാപാര കരാറിന്റെ 99 ശതമാനം നടപടികളും അന്തിമഘട്ടത്തിലെന്ന് ഇന്ത്യയിലെ യു.എസ് അംബാസഡർ

സെർജിയോ ഗോർ. ശേഷിക്കുന്ന പ്രശ്ങ്ങൾ പരിഹരിക്കാനുള്ള ചർച്ചകൾ ഇരുപക്ഷവും സജീവമായി നടത്തിവരികയാണെന്നും അടുത്ത ഏതാനും ആഴ്ചകൾക്കുള്ളിൽ കരാർ യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.
*********************************

## VENEZUELA PRESIDENT ARRIVAL

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡെൽസി എലോയിന റോഡ്രിഗസ് ഗോമസ് ന്യൂഡൽഹിയിൽ എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി വെനിസ്വേല പ്രസിഡന്റ് ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-വെനിസ്വേല സഹകരണം, ഊർജ്ജ സുരക്ഷ, വ്യാപാരം, നിക്ഷേപം, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.
*********************************

## PANCHAYAT AWARD

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്തു. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം കരസ്ഥമാക്കി. അടിസ്ഥാന സൗകര്യ വികസന രംഗത്തെ മികവിന് കോട്ടയം മേലുകാവ് ഗ്രാമപഞ്ചായത്തും ആരോഗ്യ മേഖലയിലെ നേട്ടങ്ങൾക്ക് പത്തനംതിട്ടയിലെ നിരണം ഗ്രാമപഞ്ചായത്തും പുരസ്കാരത്തിന് അർഹമായി. തിരുവനന്തപുരത്തെ ഒറ്റൂർ ശിശുസൗഹൃദ വിഭാഗത്തിൽ മൂന്നാം സ്ഥാനവും സ്വന്തമാക്കി.
*********************************

## BADMINTON

ഇന്തോനേഷ്യ ഓപ്പൺ ബാഡ്മിന്റണിൽ ചൈനയെ അട്ടിമറിച്ച് ഇന്ത്യയുടെ ആയുഷ് ഷെട്ടി രണ്ടാം റൗണ്ടിൽ കടന്നു. മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ രോഹൻ കപൂർ - രുത്വിക ഗഡ്ഡെ സഖ്യം ചൈനീസ് സഖ്യത്തെ പരാജയപ്പെടുത്തി. എന്നാൽ, പുരുഷ ഡബിൾസിൽ സാത്വിക്സായിരാജ് രങ്കിറെഡ്ഡിക്ക്

പരിക്കേറ്റതിനെ തുടർന്ന് സാത്വിക് - ചിരാഗ് ഷെട്ടി സഖ്യം മത്സരത്തിൽ നിന്ന് പിന്മാറി.
********************************

## EC-MEDIA CONFERENCE (INTRO)

തിരഞ്ഞെടുപ്പ് പ്രക്രിയകളിലെയും പ്രചാരണങ്ങളിലെയും ആഗോള മാധ്യമ ഇടപെടലുകളെയും നൂതന രീതികളെയും കുറിച്ചുള്ള ദ്വിദിന അന്താരാഷ്ട്ര കോൺഫറൻസിന് ന്യൂഡൽഹിയിൽ തുടക്കമായി. ആഗോളതലത്തിലെ മികച്ച തിരഞ്ഞെടുപ്പ് മാനേജ്മെന്റ് രീതികൾ ക്രോഡീകരിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*മാധ്യമ പ്രചാരണങ്ങളിലെ വ്യാജവാർത്തകൾ, നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള ഡീപ്ഫേക്കുകൾ, സുതാര്യമല്ലാത്ത ഡിജിറ്റൽ രാഷ്ട്രീയ പരസ്യങ്ങൾ, പ്ലാറ്റ്ഫോം ഗവേണൻസ് തുടങ്ങിയ പ്രധാന വെല്ലുവിളികളെക്കുറിച്ചാണ് സമ്മേളനത്തിൽ ചർച്ച ചെയ്യുന്നത്. ജില്ലാ ഇലക്ഷൻ ഓഫീസർമാർ, വിദഗ്ധർ, ഗവേഷകർ, ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് അംഗങ്ങൾ എന്നിവരുൾപ്പെടെ 480-ലധികം പ്രതിനിധികൾ കോൺഫറൻസിൽ പങ്കെടുക്കുന്നുണ്ട്. നൂറ് കോടിയിലധികം വരുന്ന വോട്ടർമാരുമായി തടസ്സമില്ലാത്ത ആശയവിനിമയം ഉറപ്പാക്കാൻ ബൂത്ത് തല ഉദ്യോഗസ്ഥർക്കും ഏജന്റുമാർക്കും കമ്മീഷൻ പരിശീലനം നൽകുന്നുണ്ടെന്ന് തിരഞ്ഞെടുപ്പ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ സമ്മേളനത്തിൽ പറഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

********************************

## MONSOON KERALA

കേരളത്തിൽ തെക്കു - പടിഞ്ഞാറൻ കാലവർഷം നാളെ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഞായറാഴ്ച വരെ കേരളത്തിലും മാഹിയിലും ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. നാളെ തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ഇന്ന് മൂന്ന് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും 11 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിരുന്നു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*********************************

## KERALA ASSEMBLY

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് വി ജോയ് ആണ് പ്രമേയത്തിന് നോട്ടീസ് നൽകിയത്. മനുഷ്യത്വ രഹിതമായ സ്ഥലം മാറ്റമാണ് നടക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വിമർശിച്ചു. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പരാതികൾ അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയ്യാറാണെന്ന് മുഖ്യമന്ത്രിയ്ക്ക് വേണ്ടി മന്ത്രി സണ്ണി ജോസഫ് മറുപടി നൽകി. തുടർന്ന് അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം ഇറങ്ങിപ്പോയി. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾ സഭയിൽ ഇന്നും നടന്നു.

*********************************

## FUR. REV. DELHI FIRE - MALVIYA NAGAR

ഡൽഹി മാളവ്യ നഗറിലെ ഹോട്ടലിൽ ഇന്ന് രാവിലെയുണ്ടായ വൻ തീപിടിത്തത്തിൽ 21 പേർ മരിച്ചു. നാൽപ്പതിലധികം പേരെ രക്ഷപ്പെടുത്തി. തീ പൂർണ്ണമായും നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത എന്നിവർ തീവ്രദുഃഖം

രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു.
*********************************

## WB-TMC SPLIT

പശ്ചിമ ബംഗാളിൽ, തൃണമൂൽ കോൺഗ്രസ് പിളരുന്നു. പുറത്താക്കപ്പെട്ട ടിഎംസി എംഎൽഎ ഋതബ്രത ബാനർജി 58 നിയമസഭാംഗങ്ങളുടെ പിന്തുണയോടെ പ്രതിപക്ഷ നേതാവ് സ്ഥാനത്തേക്ക് അവകാശവാദമുന്നയിച്ചു. പിളർപ്പിന് പിന്നിൽ ബിജെപിയാണെന്ന് മുൻ മുഖ്യമന്ത്രി മമത ബാനർജി ആരോപിച്ചു.

*

*************

****************************************************